# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u> **<u>29.01.2019 ൽ മറുപടിക്ക്</u>**

<u>ചോദ്യം നം. **532**</u>

<u>ആലപ്പാട്ടെ സീ വാഷിംഗിന്റെ പ്രത്യാഘാതങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |

(എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ വെള്ളനാ തുരുത്തിൽ ഐ.ആർ.ഇ. നടത്തുന്ന സീ വാഷിംഗ് എന്ന ഖനനരീതിയുടെ പ്രത്യാഘാതങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ ഖനന രീതിയുടെ ന്യൂനതകൾ പരിശോധിച്ചിട്ടുണ്ടോ; ഇതുമൂലം കര വലിയതോതിൽ നഷ്ടപ്പെടുന്നുണ്ടോ; വിശദീകരിക്കുമോ;

(എ) & (ബി) ആലപ്പാട് തീരപ്രദേശത്തു 50 വർഷത്തോളമായി കരിമണൽ ഖനനം നടക്കുന്നുണ്ട്. കടലാക്രമണവും, സുനാമിയും മൂലം ഇവിടെ തീരപ്രദേശം നഷ്ടപെടാനിടയായിട്ടുണ്ട്. കൂടാതെ, ഖനന പ്രവർത്തനം മൂലവും തീരശോഷണം ഉണ്ടായിട്ടുണ്ട്. ആലപ്പാട് വിഷയത്തിൽ ബഹു. മുഖ്യമന്ത്രി 16.01.2019-ന വിളിച്ചുചേർത്ത യോഗത്തിൽ കൈക്കൊണ്ട തീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22.01.2019 മുതൽ ഐ.ആർ.ഇ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്.

(സി) ഇവിടെ നടക്കുന്ന ഖനനം മൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ഭീതിയും ആശങ്കയും ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

(സി) ആലപ്പാട്ടെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രി ജനപ്രതിനിധികളുടെയും, ഉന്നത ഉദ്യോഗസ്ഥരുടെയും, കമ്പനി അധികൃതരുടെയും ഒരു യോഗം 16.01.2019-ന വിളിച്ചുചേർത്ത് ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

i. ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം,

ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് NCESS – നെ ചുമതലപ്പെടുത്തി. പ്രാഥമിക റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നടത്തുവാൻ പാടില്ല. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച ശേഷം വിശദമായ പഠനം നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കും. ഇനി മുതൽ മഴക്കാലത്ത് സീ വാഷിംഗ് നിർത്തിവെയ്ക്കേണ്ടതാണ്.

ii. ഖനന പ്രവർത്തികൾ നടക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് ഐ.ആർ.ഇ.എല്ലും, കെ.എം.എം.എല്ലും മുൻകൈ എടുക്കേണ്ടതാണ്.

iii. കരിമണൽ ഖനനം നടക്കുന്ന മേഖലകളിലെ പ്രദേശവാസികൾക്ക് തൊഴിൽ നൽകുന്ന വിഷയത്തിൽ സുതാര്യമായ നടപടിക്രമം ഐ.ആർ.ഇ.എൽ പിന്തുടരേണ്ടതാണ്.

iv. ഐ.ആർ.ഇ.എല്ലിന്റെ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ധർ എന്നിവർ ഉൾപ്പെടെ ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകണം. അപ്രകാരം രൂപീകരിക്കപ്പെടുന്ന സമിതി, ഖനനം സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുകയും, വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണം.

v. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം.

vi. ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനത്തിനെതിരെ സമരം ചെയ്യുന്ന സമരസമിതി പ്രതിനിധികളുമായി

ബഹു.വ്യവസായ വകുപ്പ് മന്ത്രി ചർച്ച നടത്തണം.

തുടർന്ന്, ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനത്തിനെതിരെ സമരം ചെയ്യുന്ന സമരസമിതി പ്രതിനിധികളുമായി 17.01.2019 തീയതിയിൽ ബഹു.വ്യവസായ വകുപ്പ് മന്ത്രി ചർച്ച നടത്തി ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. കരിമണൽ ഖനനം നടക്കുന്ന ആലപ്പാട് പ്രദേശം ബഹു. വ്യവസായ വകുപ്പ് മന്ത്രി സന്ദർശിക്കും.
2. ആലപ്പാട് പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യക്ഷേമകാര്യങ്ങളിൽ ഐ.ആർ.ഇ. കാര്യക്ഷമമായി ഇടപെടണം.
3. ആവശ്യമെങ്കിൽ സമരസമിതിയുമായി വീണ്ടും ചർച്ച നടത്തുവാൻ സർക്കാർ സന്നദ്ധമാണ്.

സെക്ഷൻ ഓഫീസർ